**ഭരണഭാഷ – മാതൃഭാഷ**

നം:ബി2-729/2026

സൂപ്രണ്ടിന്റെ കാര്യാലയം
താലൂക്ക് ആശുപത്രി നെടുംകണ്ടം
തീയതി: 11/05/2026.

✆ 04868 232650 ,suptchc@yahoo.com

## ടെന്റർ നോട്ടീസ്

നെടുംകണ്ടം താലൂക്കാശുപത്രിവക ജനറൽ സ്റ്റോർ ഏറ്റെടുത്ത് നടത്തുവാൻ താത്പര്യമുള്ള വ്യക്തികളിൽ നിന്നോ സ്ഥാപനങ്ങളിൽ നിന്നോ മത്സരാടിസ്ഥാനത്തിലുള്ള മുദ്രവച്ച ടെന്ററുകൾ ക്ഷണിച്ചുകൊള്ളുന്നു.

**വ്യവസ്ഥകൾ**

1. ടെന്റർ ഫോറത്തിന്റെ വില Rs: 1000 + Rs: 180 GST
2. ടെന്റർ ഫോറം വിൽപ്പന 12/05/2026 10.30 .എ.എം മുതൽ 26/05/2026 01 പി.എം വരെ
3. ടെന്റർ ഫോറം സ്വീകരിക്കുന്ന അവസാന തീയതി: 28/05/2026, 10.30 എ.എം
4. ടെന്റർ തുറക്കുന്ന തീയതി: 28/05/2026 , 11.30 എ.എം
5. ടെന്ററിനോടൊപ്പം 5000/- രൂപയുടെ നിരദദ്രവ്യവും എഗ്രിമെന്റും സമർപ്പിക്കേണ്ടതാണ്.

**നിബന്ധനകൾ**

1. ടെന്ററുകൾ സമർപ്പിക്കേണ്ട സമയത്തിന് ശേഷമുള്ളതും അപൂർണ്ണവുമായ ടെന്ററുകൾ യാതൊരുകാരണവശാലും സ്വീകരിക്കുന്നതല്ല.
2. ടെന്റർ സംബന്ധമായ അവസാന തീരുമാനം എച്ച്.എം.സി യുടേതായിരിക്കും.
3. ടെന്റർ തുകയുടെ ആനുപാതികമായ തുക പ്രതിമാസം മുൻകൂറായി ആദ്യത്തെ 03 പ്രവർത്തി ദിവസത്തിനുള്ളിൽ എച്ച്.എം.സി യിലേയ്ക്ക് അടക്കേണ്ടതാണ്.
4. ജനറൽ സ്റ്റോർ നടത്തുന്നതിനാവശ്യമായ വൈദ്യുതി, വെള്ളം എന്നിവ ടെന്റർ കൊള്ളുന്നയാൾ സ്വന്തം നിലയിൽ തന്നെ വഹിക്കേണ്ടതാണ്.
5. സ്റ്റോർ നടത്തിപ്പിനാവശ്യമായ ഫർണിച്ചർ ക്രമീകരണങ്ങൾ കരാറുകാരൻ സ്വന്തം നിലയിൽ തന്നെ ചെയ്യേണ്ടതാണ്.
6. കെട്ടിടത്തിൽ എന്തെങ്കിലും താത്ക്കാലിക സജീകരണങ്ങൾ ആവശ്യമുള്ള പക്ഷം സൂപ്രണ്ടിന്റെ അനുമതിയോടെ സ്വന്തം നിലയിൽ കരാറുകാരൻ നടത്തേണ്ടതാണ്. വൈദ്യുതി, വെള്ളം എന്നിവ അധികമായി ഏർപ്പെടുത്തുന്നത് നിയമാനുസൃതവും സൂപ്രണ്ടിന്റെ അനുമതിയോടുകൂടിയുമായിരിക്കണം.
7. ബീഡി, സിഗരറ്റ്, മുറുക്കാൻ തുടങ്ങിയ യാതൊരു ലഹരി പദാർത്ഥങ്ങളും വിൽക്കുവാൻ അനുവദിക്കുന്നതല്ല. "NO SMOKING" ബോർഡ് പൊതുജനങ്ങൾ കാണുന്ന വിധം സ്ഥാപിക്കേണ്ടതാണ്.
8. ടെന്റർ സമർപ്പിക്കുന്ന കവറിനു പുറത്ത് 'Tender for General Store' എന്ന് എഴുതേണ്ടതാണ്.
9. സ്റ്റോറിൽ നിന്നും സാധനങ്ങൾ പ്ലാസ്റ്റിക്ക് കവറുകളിൽ വിതരണം ചെയ്യാൻ പാടുള്ളതല്ല.
10. ടെന്റർ കൊള്ളുന്നയാൾ/ സ്ഥാപനം ടെന്റർ വ്യവസ്ഥകൾ ലംഘിക്കുന്ന പക്ഷം ടെന്റർ റദ്ദ് ചെയ്യുന്നതിനുള്ള അധികാരം ആശുപത്രി സൂപ്രണ്ടിന് ഉണ്ടായിരിക്കുന്നതാണ്.

ടെന്ററുകൾ സംബന്ധമായ കൂടുതൽ വിവരങ്ങൾ പ്രവർത്തി ദിവസങ്ങളിൽ ഓഫീസിൽ നിന്നും ലഭ്യമാണ്.

സൂപ്രണ്ട്

SUPERINTENDENT
T.H.Q.HOSPITAL
NEDUMKANDAM
IDUKKI-685553

പകർപ്പ്:

1. ആശുപത്രി നോട്ടീസ് ബോർഡ്
2. നെടുംകണ്ടം ബ്ലോക്ക് പഞ്ചായത്ത് നോട്ടീസ് ബോർഡ്
3. നെടുംകണ്ടം ഗ്രാമ പഞ്ചായത്ത് നോട്ടീസ് ബോർഡ്
4. പബ്ലിക്ക് റിലേഷൻസ് വകുപ്പ് ഇടുക്കി- പത്രങ്ങളിൽ പരസ്യം ചെയ്യുന്നതിന്
5. ഫയൽ

Taluk Head Quarters Hospital
Nedumkandam-685 553